**കേരള സർക്കാർ**

**നം. 86/2016/ധന**
**ധനകാര്യ (ബജറ്റ് വിങ് - എ) വകുപ്പ്**
**തിരുവനന്തപുരം**
**തീയതി: 11.11.2016.**

# <u>പരിപത്രം</u>

വിഷയം: കേരളപ്പിറവിയുടെ അറുപതാം വാർഷികാഘോഷ പരിപാടികൾ– മന്ത്രിസഭാ യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച്:-

സൂചന: 19.10.2016 ലെ മന്ത്രിസഭാ യോഗത്തിന്റെ തീരുമാനം.

കേരളപ്പിറവിയുടെ അറുപതാം വാർഷികം പ്രമാണിച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷപരിപാടികൾ എല്ലാ വകുപ്പുകളിലും സ്വയംഭരണ സ്ഥാപനങ്ങളിലും പഞ്ചായത്തിരാജ് സ്ഥാപനങ്ങളിലും നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ ചെലവുകൾ ഓരോ ഓഫീസിനും അവയുടെ ബന്ധപ്പെട്ട ബജറ്റ് ശീർഷകത്തിലെ '05 ഓഫീസ് ചെലവുകൾ - 4 മറ്റിനങ്ങൾ' എന്ന ശീർഷകത്തിൽപ്പെടുത്തി ചെലവിടാവുന്നതാണെന്ന് അറിയിക്കുന്നു. ഇതിനനുസൃതമായി ഈ ബജറ്റ് ശീർഷകത്തിൽ അധികവിഹിതം ആവശ്യമെങ്കിൽ അത് അനുവദിക്കുന്നതാണ് .

2) ഈ നിർദേശങ്ങൾ എല്ലാ ഓഫീസ് മേധാവികളുടേയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ട നടപടികൾ വകുപ്പ് തലവന്മാർ സ്വീകരിക്കേണ്ടതാണ്.

**എ. അജിത് കുമാർ**
**ഡെപ്യൂട്ടി സെക്രട്ടറി (ധനകാര്യം)**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ\ ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.
എല്ലാ വകുപ്പ് തലവന്മാർക്കും.
ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും\ നോഡൽ ഓഫീസർ (ധനകാര്യം).
സ്റ്റോക്ക് ഫയൽ \ ഓഫീസ് കോപ്പി.